**കേരള സർക്കാർ**

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - ഓണാഘോഷം 2016 – തിരുവനന്തപുരം കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലുമുള്ള സർക്കാർ ഓഫീസുകൾ വൈദ്യുത ദീപാലങ്കാരം ചെയ്യുന്നതിനായി സ്വന്തം ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ അനുമതി നൽകിയും ഈ പ്രദേശത്തെ ഉത്സവമേഖലയായി പ്രഖ്യാപിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര (ബി) വകുപ്പ്

സർക്കാർ ഉത്തരവ് (ആർ.റ്റി) നം275/2016/ടൂറിസം                തീയതി,തിരുവനന്തപുരം, 01/09/2016

---

പരാമർശം - ടൂറിസം ഡയറക്ടറുടെ 5.8.2016 ലെ എം.2-8500/2016 നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള സർക്കാരിനു വേണ്ടി ടൂറിസം വകുപ്പ് ഓണാഘോഷ പരിപാടികൾ സംസ്ഥാനത്തൊട്ടാകെ എല്ലാ വർഷവും സംഘടിപ്പിച്ചു വരുന്നുണ്ട്. 2016 ലെ സംസ്ഥാനതല ഓണാഘോഷപരിപാടികൾ സെപ്റ്റംബർ 12 മുതൽ 18 വരെ തിരുവനന്തപുരത്ത് വിവിധ വേദികളിലായി നടത്തപ്പെടുകയാണ്. സംസ്ഥാനതല ഓണാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള പ്രദേശത്തെ, ഇക്കാലയളവിലേക്ക്, ഉത്സവമേഖലയായി പ്രഖ്യാപിച്ചും കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശത്തുമുള്ള സർക്കാർ ഓഫീസുകളിൽ വൈദ്യുതാലങ്കാരം ഏർപ്പെടുത്തുന്നതിന് എല്ലാ വകുപ്പ മേധാവികൾക്കും അനുമതി നൽകിയും ഉത്തരവാകുന്നു.

2. ഓണാഘോഷ പരിപാടികൾ ഭംഗിയാക്കുന്നതിനായി താഴെപ്പറയുന്ന ഉത്തരവുകൾ/ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. ഓണാഘോഷ പരിപാടികൾ വിജയകരമായി നടത്തുന്നതിന് കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശത്തുമുള്ള സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നതിനോടൊപ്പം സ്വന്തം സ്ഥാപനങ്ങളിൽ ദീപാലങ്കാരം ഏർപ്പെടുത്തുവാനും അഭ്യർത്ഥിക്കുന്നു.

ii. കവടിയാർ മുതൽ മണക്കാട് ജംഗ്ഷൻ വരെയുള്ള റോഡിനിരുവശത്തുമുള്ള സർക്കാർ സ്ഥാപനങ്ങളുടെ വകുപ്പ തലവന്മാർക്ക് 2016 ലെ ഓണാഘോഷത്തിന്റെ ഭാഗമായി അവരുടെ ഓഫീസുകളിൽ ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി മുൻ വർഷങ്ങളിലേതുപോലെ സ്വന്തം ഫണ്ടിൽ നിന്നും 1.50 ലക്ഷം രൂപ (ഒന്നര ലക്ഷം രൂപ മാത്രം) വരെ ചെലവഴിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

iii. പ്രസ്തുത റോഡിന്റെ ഇരുവശത്തുമുള്ള സ്വകാര്യ സ്ഥാപനങ്ങളും മറ്റ് സ്വയംഭരണസ്ഥാപനങ്ങളും സ്വന്തം ചെലവിൽ വൈദ്യുത , ദീപാലങ്കാരം ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

iv. മേൽപ്പറഞ്ഞ കാലയളവിൽ ഉത്സവമേഖലയിൽ പ്രധാന റോഡിനിരുവശങ്ങളിലുമുള്ള കെട്ടിടങ്ങൾ/ തുറന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ എന്തെങ്കിലും ചടങ്ങുകളോ/പരിപാടികളോ നടത്തുന്നതിന് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ നിന്ന്/ടൂറിസം വകുപ്പിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ. വേണു.വി,**
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും / സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുമേധാവികൾക്കും
ജില്ലാ കളക്ടർ, തിരുവനന്തപുരം
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾക്കും
എല്ലാ സ്വയംഭരണസ്ഥാപനങ്ങളുടെ മേധാവികൾക്കും
എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയയിൽ പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ പ്രചരണം പത്ര ദൃശ്യമാധ്യമങ്ങളിലൂടെ നൽകുന്നതിനും)
പൊതുഭരണ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ജി4-32424/16/കോ.വിദ്യ തീയതി 8.9.16

സർക്കാർ ഉത്തരവിൽ പരാമർശിച്ചതിൻ പ്രകാരമുള്ള പ്രദേശങ്ങളിലെ ഗവ. കോളേജ് പ്രിൻസിപ്പാൾമാർക്ക് അതാത് സ്ഥാപനങ്ങളിൽ ദീപാലങ്കാരം ഏർപ്പെടുത്തുന്നതിന് ~~...~~ വേണ്ട നടപടി സ്വീകരിക്കാവുന്നതാണ്

8/9/16
ജോ. ഡയറക്ടർ
കോ.വി.വ

8/9/2016 8/9/16 8/9/16